# കെ.ടെറ്റ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സംബന്ധിച്ച് പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

പരീക്ഷാഭവൻ 18/09/2025, 19/09/2025 തീയതികളിൽ നടത്തിയ കെ-ടെറ്റ് ജൂൺ 2025 പരീക്ഷാഫലം 03/12/2025-ൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. വിജയിച്ചവരുടെ സർട്ടിഫിക്കറ്റ് പരിശോധന ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് **16.12.2025 മുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ അറിയിക്കുന്ന സമയ പരിധിക്കുള്ളിൽ നടത്തുന്നതാണ്. പ്രസ്തുത സമയ പരിധിക്കുള്ളിൽ വെരിഫിക്കേഷൻ നടത്തുവാൻ സാധിക്കാത്തവർക്ക് പിന്നീട് അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും അറിയിപ്പ് ലഭ്യമാകുന്ന സാഹചര്യത്തിൽ മാത്രം പങ്കെടുത്താൽ മതിയാകും. ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും അനുവദിക്കുന്ന സമയപരിധിയിൽ അല്ലാതെ കെ.ടെറ്റ് വെരിഫിക്കേഷനു വേണ്ടി ജില്ലാവിദ്യാഭ്യാസ ഓഫീസുകളിലേക്ക് പോകുവാൻ പാടില്ലാത്തതുമാണ്.**

- പരീക്ഷാഭവന്റെ കെ-ടെറ്റ് വിജ്ഞാപനപ്രകാരം മതിയായ യോഗ്യത ഉണ്ടെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രം വെരിഫിക്കേഷൻ നടപടികൾക്കായി ബന്ധപ്പെട്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ പോകേണ്ടതാണ്.
- കെ-ടെറ്റ് വിജ്ഞാപനപ്രകാരം ഓരോ വിഭാഗത്തിലും പരീക്ഷാർത്ഥികൾക്ക് വേണ്ട യോഗ്യതകൾ നിഷ്ക്കർഷിച്ചിട്ടുള്ളതും ആയത് പ്രകാരമുള്ള എല്ലാ അസൽ രേഖകളും ആയതിന്റെ പകർപ്പുകളും ഉൾപ്പെടെ വെരിഫിക്കേഷൻ നടപടികൾക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ പോകേണ്ടതുമാണ്.
- ജനന തീയതി, പേര്, ഫോട്ടോ എന്നിവ അപേക്ഷാസമർപ്പണ വേളയിൽ തെറ്റായി രേഖപ്പെടുത്തിയവർക്ക് തെറ്റ് തിരുത്തി പുതിയ ഹാൾടിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വെരിഫിക്കേഷൻ നടത്തി നൽകുകയുള്ളൂ.

**ജനന തീയതി തിരുത്തുന്നതിന്** : പരീക്ഷാർത്ഥിയുടെ അപേക്ഷ, ഹാൾടിക്കറ്റിന്റെ പകർപ്പ്, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, 100 രൂപയുടെ ചെലാൻ "**0202-01-102-92 other receipts**" എന്ന ഹെഡിൽ ഒടുക്കിയതിന്റെ അസൽ, **സ്വന്തം അഡ്രസ് എഴുതി രജിസ്റ്റേഡ് ആയോ സ്പീഡ് പോസ്റ്റ് ആയോ ലഭിക്കത്തക്ക വിധത്തിൽ സ്റ്റാമ്പ് പതിപ്പിച്ച കവർ** എന്നിവ ഉൾപ്പെടുത്തി അപേക്ഷ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

**പേര് തിരുത്തുന്നതിന്** : പരീക്ഷാർത്ഥിയുടെ അപേക്ഷ, ഹാൾടിക്കറ്റിന്റെ പകർപ്പ്, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, 100 രൂപയുടെ ചെലാൻ "**0202-01-102-92 other receipts**" എന്ന ഹെഡിൽ ഒടുക്കിയതിന്റെ അസൽ, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെയും കെ-ടെറ്റ് അപേക്ഷയിലും രേഖപ്പെടുത്തിയിരി

ക്കുന്ന പേര്‍ ഒന്ന് തന്നെയാണെന്ന് സ്വയം സത്യപ്രസ്താവന ഗസറ്റഡ് ഉദ്യോഗസ്ഥന്‍ സാക്ഷ്യപ്പെടുത്തിയത്, **സ്വന്തം അഡ്രസ് എഴുതി രജിസ്റ്റേഡ് ആയോ സ്പീഡ് പോസ്റ്റ് ആയോ ലഭിക്കത്തക്ക വിധത്തില്‍ സ്റ്റാമ്പ് പതിപ്പിച്ച കവര്‍** എന്നിവ ഉള്‍പ്പെടുത്തി അപേക്ഷ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസര്‍ മുഖാന്തിരം സമര്‍പ്പിക്കേണ്ടതാണ്.

<u>ഫോട്ടോ തിരുത്തുന്നതിന്</u> :

1. **ഫോട്ടോയുടെ Background plane ആയിരിക്കണം. ഫോട്ടോ വ്യക്തമായിരിക്കണം.**
2. ഫോട്ടോ CD യിലാക്കി സമര്‍പ്പിക്കണം. (**size 20 KB യ്ക്കും 30 KB യ്ക്കും** ഇടയില്‍ ആയിരിക്കണം).
3. ഇതേ ഫോട്ടോ പതിച്ച്, പരീക്ഷ എഴുതിയ സെന്ററിലെ പ്രഥമാധ്യാപകന്‍ നല്‍കുന്ന ഐഡന്റിഫിക്കേഷന്‍ സര്‍ട്ടിഫിക്കറ്റ് നിര്‍ബന്ധമായും സമര്‍പ്പിക്കണം (**ഫോട്ടോയില്‍ പ്രഥമാധ്യാപകന്റെ ഒപ്പും സീലും പതിയ്ക്കണം).**
4. ഹാള്‍ടിക്കറ്റ് / റിസല്‍ട്ട് എന്നിവയുടെ പകര്‍പ്പുകള്‍ സമര്‍പ്പിക്കണം.
5. **സ്വന്തം അഡ്രസ് എഴുതി രജിസ്റ്റേഡ് ആയോ സ്പീഡ് പോസ്റ്റ് ആയോ ലഭിക്കത്തക്ക വിധത്തില്‍ സ്റ്റാമ്പ് പതിപ്പിച്ച കവര്‍**.
6. **"0202-01-102-92 other receipts"** എന്ന ഹെഡ് ഓഫ് അക്കൗണ്ടില്‍ 100/- രൂപ ട്രഷറിയില്‍ ഒടുക്കിയ ഒറിജിനല്‍ ചെലാന്‍ (ഓരോ കാറ്റഗറിക്കും 100/- രൂപ വീതം).
7. സ്വന്തം അപേക്ഷ (Self Request)

   എന്നിവ ഉള്‍പ്പെടുത്തി അപേക്ഷ സമര്‍പ്പിക്കേണ്ടതാണ്.

- ഹാള്‍ടിക്കറ്റ് പരീക്ഷാകേന്ദ്രത്തിലെ ഇന്‍വിജിലേറ്റര്‍ ഒപ്പ് രേഖപ്പെടുത്തിയ ഹാള്‍ടിക്കറ്റ് വെരിഫിക്കേഷന്‍ സമയത്ത് ഹാജരാക്കേണ്ടതാണ്.
- വിവിധ കാരണങ്ങളാല്‍ പുതിയ ഹാള്‍ടിക്കറ്റ് ലഭ്യമായവര്‍ക്ക് വീണ്ടും ഇന്‍വിജിലേറ്റര്‍ ഒപ്പ് രേഖപ്പെടുത്തേണ്ടതില്ല.
- പരീക്ഷാഫീസിളവ്, ജാതിയുടെ ആനുകൂല്യം എന്നിവയ്ക്ക് അര്‍ഹരാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളവര്‍ ആയതിന്റെ അസല്‍ രേഖ നിര്‍ബന്ധമായും സമര്‍പ്പിക്കേണ്ടതാണ്.
- അന്യസംസ്ഥാനങ്ങളില്‍ നിന്നും ലഭിച്ചിട്ടുള്ള സര്‍ട്ടിഫിക്കറ്റുകള്‍ പരിശോധനാ വേളയില്‍ സമര്‍പ്പിക്കപ്പെടുകയാണെങ്കില്‍ പ്രസ്തുത സര്‍ട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി/ബോര്‍ഡ്-ല്‍ നിന്നും ലഭ്യമാക്കുകയും കൂടാതെ പ്രസ്തുത സര്‍ട്ടിഫിക്കറ്റുകളുടെ തുല്യതാ സര്‍ട്ടിഫിക്കറ്റ് കൂടി സമര്‍പ്പിച്ച ശേഷം മാത്രമേ സര്‍ട്ടിഫിക്കറ്റ് പരിശോധന നടത്തുവാന്‍ പാടുള്ളൂ.
- ബി.എഡ്, ഡി.എഡ്, ഡി.എല്‍.എഡ് പഠിച്ചുകൊണ്ടിരിക്കെ പരീക്ഷയെഴുതിയവര്‍ കെ-ടെറ്റ് പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോള്‍ രണ്ടാം വര്‍ഷം പഠിക്കുകയായിരുന്നുവെന്ന് സ്ഥാപന മേലധികാരി നല്‍കുന്ന സര്‍ട്ടിഫിക്കറ്റ് പ്രകാരം ഉറപ്പുവരുത്തേണ്ടതും വിജയിച്ച് സര്‍ട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് മാത്രമേ വെരിഫിക്കേഷന്‍ പൂര്‍ത്തീകരിച്ച് നല്‍കുകയുള്ളൂ.
- പ്രൊവിഷണല്‍ സര്‍ട്ടിഫിക്കറ്റ്, മാര്‍ക്ക് ലിസ്റ്റ് എന്നിവ പരിശോധനയ്ക്കായി പരിഗണിക്കുന്നതാണ്.

- പരിശോധനയ്ക്കായി യഥാസമയം ഹാജരാകാത്തവർക്ക് തൊട്ടടുത്ത കെ–ടെറ്റ് പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്ന വേളയിൽ മാത്രമേ അവസരം നൽകുകയുള്ളൂ. എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ വെരിഫിക്കേഷൻ ചെയ്ത് നൽകുന്നതാണ്.
- 2025 ജൂൺ കെ–ടെറ്റ് പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ പൂർത്തിയാക്കിയ ശേഷം അടിയന്തിര സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിക്കേണ്ടതില്ല. അർഹരായ എല്ലാ ഉദ്യോഗാർത്ഥികളുടെയും സർട്ടിഫിക്കറ്റുകൾ ഒരുമിച്ച് മാത്രമേ ഈ കാര്യാലയത്തിൽ നിന്നും അനുവദിക്കുകയുള്ളൂ.
- കെ–ടെറ്റ് വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിരുന്ന യോഗ്യതകൾക്ക് വിപരീതമായി അപേക്ഷ സമർപ്പിക്കുകയും പരീക്ഷ എഴുതി വിജയിക്കുകയും ചെയ്ത ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ നിരുപാധികം നിരസിക്കുന്നതാണ്.
- ജാതി, കാറ്റഗറി എന്നിവ തെറ്റായി രേഖപ്പെടുത്തുകയും പരീക്ഷാഫലം പ്രഖ്യാപിച്ചതിൽ വിജയിക്കാത്തവരുമായ ഉദ്യോഗാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ ബന്ധപ്പെട്ട അസ്സൽ രേഖകൾ സഹിതം അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അപേക്ഷ നൽകാവുന്നതാണ്.

**സെക്രട്ടറി**